പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 193

26/09/2011 ൽ മറുപടിക്ക്

## കുറഞ്ഞ നിരക്കിലുള്ള അരി വിതരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി.തിലോത്തമൻ | | ശ്രീ. ടി.എം.ജേക്കബ്<br>(ഭക്ഷ്യവും, സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പു മന്ത്രി) | |
| (എ) | കിലോഗ്രാമിന് ഒരു രൂപ നിരക്കിൽ അരി നൽകുന്ന പദ്ധതി അനുസരിച്ച് ഒരു ബി.പി.എൽ. കുടുംബത്തിന് ഒരു മാസം എത്ര കിലോ അരി വീതമാണ് നൽകി വരുന്നത് ; ഇതുപ്രകാരം എത്ര കുടംബങ്ങൾക്ക് അരി ലഭിച്ചു ; | (എ) | 14.61 ലക്ഷം ബി.പി.എൽ കുടംബങ്ങൾക്ക് 25 കിലോ അരിയും 5.96 ലക്ഷം എ.എ.വൈ കുടുംബങ്ങൾക്ക് 35 കിലോ അരിയും വീതം 20.57 ലക്ഷം കാർഡുടമകൾക്ക് കിലോഗ്രാമിന് ഒരു രൂപ നിരക്കിൽ അരി വിതരണം നടത്തി വരുന്നു. കൂടാതെ സർക്കാർ അംഗീകൃത അനാഥാലയങ്ങളിലെ അന്തേവാസികൾക്കും ഒരു രൂപ നിരക്കിൽ അരി വിതരണം ചെയ്തു വരുന്നു. |
| (ബി) | ഓരോ എ.പി.എൽ കുടുംബങ്ങൾക്കും റേഷൻകട വഴി പ്രതിമാസം എന്തെല്ലാം നൽകുന്നുണ്ട് ; | (ബി) | എ.പി.എൽ കാർഡുടമകൾക്ക് പ്രതിമാസം 12 കിലോ അരിയും 3 കിലോ ഗോതമ്പും കിലോഗ്രാമിന് യഥാക്രമം 8.90 രൂപ നിരക്കിലും 6.70 രൂപ നിരക്കിലും വിതരണം ചെയ്യുന്നു. എ.പി.എൽ വിഭാഗത്തിൽപെട്ട തെരഞ്ഞെടുത്ത കുടുംബങ്ങൾക്ക് താഴെപറയുന്ന നിബന്ധനകൾക്കു വിധേയമായി 2/- രൂപ നിരക്കിൽ ഭക്ഷ്യധാന്യങ്ങൾ മേൽപ്പറഞ്ഞ അളവിൽ വിതരണം ചെയ്തു വരുന്നു.<br><br>1. രണ്ടര ഏക്കറിൽ കുറഞ്ഞ ഭൂമിയുള്ള കുടുംബങ്ങൾ<br>2. പ്രതിമാസം 25000/- രൂപയിൽ കുറഞ്ഞ കുടുംബ വരുമാനമുള്ളവർ<br>3. 2500 ചതുരശ്ര അടിയിൽ കുറഞ്ഞ വലിപ്പമുള്ള വീടുള്ള കുടുംബങ്ങൾ. |

42.86 ലക്ഷം എ.പി.എൽ കുടുംബങ്ങൾക്ക് ഈ പദ്ധതി പ്രകാരം രണ്ട് രൂപ നിരക്കിൽ ഭക്ഷ്യധാന്യങ്ങൾ ലഭിച്ചു വരുന്നു.
എ.പി.എൽ കാർഡുടമകൾക്ക് 2 കിലോ ഫോർട്ടിഫൈഡ് ആട്ട കിലോഗ്രാമിന് 12/ രൂപ നിരക്കിൽ വിതരണം ചെയ്യുന്നു. ഓണം സ്പെഷ്യലായി 12.70 രൂപ വില്പനവിലയുള്ള 10 കിലോ അരിയും 9.20 രൂപ വില്പനവിലയുള്ള 5 കിലോ ഗോതമ്പും എ.പി.എൽ കാർഡുടമകൾക്ക് അനുവദിച്ചിട്ടുണ്ട്.

വൈദ്യുതീകരിച്ച വീടുള്ളവർക്ക് 1.5 ലിറ്റർ മണ്ണെണ്ണയും വൈദ്യുതീകരിക്കാതെ വീടുള്ളവർക്ക് 5 ലിറ്റർ മണ്ണെണ്ണയും പ്രതിമാസം അനുവദിക്കുന്നു.

ഓണം പ്രമാണിച്ച് എ.പി.എൽ/ ബി.പി.എൽ ഭേദമില്ലാതെ എല്ലാ കാർഡുടമകൾക്കും 1 കിലോ പഞ്ചസാര കിലോഗ്രാമിന് 13.50 രൂപ നിരക്കിൽ വിതരണം ചെയ്തു വരുന്നു.

| | | | |
|---|---|---|---|
| (സി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് രണ്ട് രൂപ നിരക്കിൽ എത്ര കുടുംബങ്ങൾക്ക് അരി നൽകിയിരുന്നു ; ഇതിൽ എ.പി.എൽ കുടുംബങ്ങളും ബി.പി.എൽ കുടുംബങ്ങളും എത്ര വീതമുണ്ടായിരുന്നു ; വ്യക്തമാക്കുമോ ? | (സി) | 01/04/2011 ലെ കണക്കനുസരിച്ച് കിലോയ്ക്ക് 2/- രൂപ നിരക്കിൽ അരി വിതരണം ചെയ്യുന്ന പദ്ധതിയിൽ 34.03 ലക്ഷം കാർഡുടമകളെ ഉൾപ്പെടുത്തി-യിരുന്നു. 13.49 ലക്ഷം എ.പി.എൽ കുടുംബങ്ങളും 14.61 ലക്ഷം ബി.പി.എൽ കുടുംബങ്ങളും 5.93 ലക്ഷം എ.എ.വൈ കുടുംബങ്ങളും ഇതിൽ ഉൾപ്പെടുന്നു. |

സെക്ഷൻ ഓഫീസർ.